**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T 5866 08.07.2013- ലെ മറുപടിയ്ക്ക്**

## കേന്ദ്രാവിഷ്കൃത പദ്ധതികൾ ആവിഷ്ക്കരിക്കാൻ സംസ്ഥാനത്തിന് അധികാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. ടി.എം. തോമസ് ഐസക്ക്:<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ:<br>,, കെ.കുഞ്ഞമ്മദ് മാസ്റ്റർ:<br>,, എം.ചന്ദ്രൻ: | **ശ്രീ. കെ.സി. ജോസഫ്**<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്തിന്റെ തനതുശൈലിയിൽ ആവിഷ്ക്കരിക്കുവാൻ സംസ്ഥാനത്തിന് അധികാരം നൽകണമെന്നുള്ള കാര്യത്തിൻമേൽ നിലപാട് വ്യക്തമാക്കുമോ; | (എ) കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കുമ്പോൾ കേന്ദ്ര മാനദണ്ഡങ്ങളിൽ ഇളവ് നൽകണമെന്ന് സംസ്ഥാനം കേന്ദ്ര സർക്കാരിനോടും, കേന്ദ്ര ആസൂത്രണ കമ്മീഷനോടും നിരന്തരം ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഇക്കാര്യത്തിൽ സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ ആസൂത്രണ കമ്മീഷനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഡൽഹിയിൽ ഈ വർഷം ആദ്യം നടന്ന ചർച്ചകളിൽ ഇത് സംബന്ധിച്ച് ഏതെങ്കിലും നിർദ്ദേശം വന്നിരുന്നോ; എങ്കിൽ സംസ്ഥാന സർക്കാർ എന്ത് നിലപാട് സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | (ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നതിന് മാനദണ്ഡങ്ങളിൽ ഭേദഗതികൾ വരുത്തുന്നതാണെന്ന് അറിയിച്ചിരുന്നു. കേരളത്തിന് ഇളവ് നൽകണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിരുന്നു. |
| (സി) കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ സംസ്ഥാനത്തിന് യോജിക്കാത്ത പദ്ധതികൾ അടിച്ചേൽപ്പിക്കുന്നതിലൂടെ സംസ്ഥാന സർക്കാരിന്റെ അധികാരത്തിലുള്ള കടന്നുകയറ്റമാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) ഇല്ല. കേന്ദ്രാവിഷ്കൃത പദ്ധതികൾ കുറയ്ക്കണമെന്ന് സംസ്ഥാനം അഭിപ്രായപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**